# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി-12/108/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 22/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി-12/108/2023 തീയ്യതി: 22/03/2023

## കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-05-2022 മുതൽ 17-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ.എം.സി | ഡെപ്യൂട്ടി ഡയരക്ടർ | 18-01-2023 | 27-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-01-2023 | 27-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്),
ശ്രീ മനോജ് കുമാർ ടി ജോർജ്ജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി സബിത.കെ,ഓഡിറ്റർ,
ശ്രീമതി അന്ന അബ്രഹാം,ഓഡിറ്റർ(ഹ.ഗ്രേഡ്).

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുനിജ ബാലകൃഷ്ണൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.കെ.വി പ്രകാശൻ | സെക്രട്ടറി | 01-04-2021 | 04-01-2022 |
| ശ്രീ.രാജസുന്ദരൻ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നിമിഷ.വി.പി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 19-04-2021 |
| ശ്രീമതി.ബിന്ധ്യ.കെ | അസിസ്റ്റന്റ് എൻജിനീയർ | 20-04-2021 | 25-07-2021 |
| ശ്രീമതി ധന്യ.കെ.വി | അസിസ്റ്റന്റ് എൻജിനീയർ | 26-07-2021 | 31-03-2022 |
| ശ്രീമതി നിഷ ജോസ് | കൃഷി ഓഫീസർ | 01-04-2021 | 02-08-2021 |
| ശ്രീ വിനോദ് കുമാർ.ടി.ഒ | കൃഷി ഓഫീസർ | 03-08-2021 | 07-08-2021 |
| ശ്രീ നാരായണൻ.പി | കൃഷി ഓഫീസർ | 08-08-2021 | 31-03-2022 |
| ശ്രീ ജോസഫ്.കെ.ജെ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.റനീഷ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കുവേരി സർക്കിൾ | 01-04-2021 | 10-06-2021 |
| ശ്രീ.സുരേന്ദ്രൻ.ടി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കുവേരി സർക്കിൾ | 11-06-2021 | 31-03-2022 |
| ശ്രീമതി.ദിവ്യ.ടി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,തടിക്കടവ് സർക്കിൾ | 01-04-2021 | 22-12-2021 |
| ശ്രീ.സുരേന്ദ്രൻ.ടി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,തടിക്കടവ് സർക്കിൾ | 23-12-2021 | 02-01-2022 |
| ശ്രീ.അജയൻ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,തടിക്കടവ് സർക്കിൾ | 03-01-2022 | 31-03-2022 |
| ശ്രീമതി.ഹസീന.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.അരുൺശങ്കർ.യു | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2021 | 31-03-2022 |
| ശ്രീ.മുഹമ്മദ് ബഷീർ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീ.രാജസുന്ദരൻ.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ദീപ ജോസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.രജീഷ്.ടി.കെ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.അനുപമ.കെ.എൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-1-1 |
| 3 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക | 1-2 |
| 5 | വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ | 1-2-1 |
| 6 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | സാമൂഹ്യ ക്ഷേമ പെൻഷനുകൾ | 1-7 |
| 11 | സർവ്വീസ് പെൻഷൻ /ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തിരിച്ചടക്കേണ്ടതാണ് . | 1-7-1 |
| 12 | അമ്പത് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ - ഫെബ്രുവരി മാസത്തെ പെൻഷൻ വിതരണം | 1-7-2 |
| 13 | ക്യാഷ് പരിശോധന | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി. | 1-11 |
| 17 | തൊഴിൽ നികുതി അപാതകങ്ങൾ | 1-12 |
| 18 | തേക്ക് മരം ലേലം -ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-13 |
| 19 | ബസ് സ്റ്റാന്റുകളിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നില്ല | 1-14 |
| 20 | ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചതിലെ കുറവ്. ₹ 424991 | 1-15 |
| 21 | വസ്തുനികുതി ഇ പേയ്മെന്റ് തുകകൾ പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു -പലിശയിനത്തിൽ വരുമാനനഷ്ടമുണ്ടാകുന്നു. | 1-16 |
| 22 | ലാപ്സ്ഡ് ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല. | 1-17 |
| 23 | പേറിവിഷൻ അരിയർ,ടെർമിനൽ സറണ്ടർ കുടിശ്ശിക-₹67739 അധികം അനുവദിച്ചു. | 1-18 |
| 24 | ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലുൾപ്പെടുന്ന ജീവനക്കാർ ഒഴികെയുള്ള ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചത് | 1-19 |

| | | |
|---|---|---|
| | ക്രമപ്രകാരമല്ല. | |
| 25 | ഐ.കെ.എം വിഹിതം-വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. | 1-20 |
| 26 | ഫർണിച്ചർ, കംപ്യൂട്ടർ എന്നിവയിൽ ഐഡന്റിഫിക്കേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. | 1-21 |
| 27 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -₹28500 അധികം അനുവദിച്ചു. | 1-22 |
| 28 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. | 1-23 |
| 29 | പി. എച്ച്. സിക്ക് മരുന്നു വാങ്ങൽ- മരുന്ന് ലഭിക്കുന്നതിൽ കാല താമസം. | 1-24 |
| 30 | PMAY വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ് | 1-25 |
| 31 | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും വൃക്ഷരജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. | 1-26 |
| 32 | റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം-തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പേറിവിഷൻ അരിയർ,ടെർമിനൽ സറണ്ടർ കുടിശ്ശിക-₹67739 അധികം അനുവദിച്ചു. | 3-1 |
| 2 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -₹28500 അധികം അനുവദിച്ചു. | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 17-02-2021 തീയതിയിലെ യോഗത്തിലെ 11/2021 നമ്പർ തീരുമാനപ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 19-02-2021തീയതിയിൽ രാവിലെ ചേർന്ന പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-09/2021) 20-02-2021 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ 10/2021 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി.ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 16-03-2022 തീയതിയിലെ യോഗത്തിലെ തീരുമാനപ്രകാരം (തീരുമാനം നമ്പർ-14/22) ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 26-03-2022തീയതിയിലെ 27/ 22 (2) നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 29908879 | 39197896 |
| വരവ് | 140176000 | 156415422 |
| ആകെ | 170084879 | 195613318 |
| ചെലവ് | 158360700 | 162253964 |
| നീക്കിയിരിപ്പ് | 11724179 | 33359354 |

### 1-1-1 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് കുറിപ്പുകൾ

2.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

3.പെർഫോമൻസ് ബജറ്റ്

4.ജെൻഡർ ബജറ്റ്

എന്നാൽ 2021-22 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-1-2 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധികവിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ

സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.കൈമാറിക്കിട്ടിയ വിവിധ സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 19-05-2022 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10-05-2022 തീയതിയിലെ 45/22 നമ്പർ തീരുമാനപ്രകാരം 2021-22 സാമ്പത്തികവർഷത്തെ വാർഷികധനകാര്യപത്രിക അംഗികരിക്കുകയുണ്ടായി.

## 1-2-1 വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1) എം.ജി.എൻ.ആർ.ജി.എസ്. നീക്കിയിരിപ്പ് ബി4 ഷെഡ്യൂൾ പ്രകാരം 76576 ആണ്. എന്നാൽ ആർ.പി. 40 (ബി) പ്രകാരം ₹ 76626 ആണ്. ഇത് എം.ജി.എൻ.ആർ.ഇ.ജി.എസ്.അക്കൗണ്ടിൽ തെറ്റായി തുക ക്രെഡിറ്റ് ചെയ്തു കൊണ്ടാണ് ഈ അപാകം ഉണ്ടായത്. അപാകം പരിഹരിച്ചതായി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കി. (ഓഡിറ്റ് എൻക്വയറി നമ്പർ-5/21-01-2023)

2)ഐ6 ഷെഡ്യൂൾ പ്രകാരം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള മൊത്തം ചെലവ് ₹ 4672205 ആണ്. (1226338+1234139+2211728) എന്നാൽ പദ്ധതി ചെലവ് പത്രിക പ്രകാരം ആകെ ചെലവ് ₹4825849 ആണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

3) ബി4 ഷെഡ്യൂളിൽ ഉൾപ്പെട്ട ജില്ലാ പഞ്ചായത്ത് , ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ഏതു വർഷം ലഭിച്ചതാണെന്ന് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) ടെണ്ടർ ഫോമിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഈയിനത്തിലുള്ള വരവിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

5) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62 (2) പ്രകാരമുള്ള അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

6) ഇ.എം.സ്. ഭവന പദ്ധതി വായ്പ തിരിച്ചടവ് 2019-20 വർഷത്തിൽ പൂർത്തിയായതാണ്. ഇത് സംബന്ധിച്ച് മുൻ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.എന്നാൽ ബി5 ഷെഡ്യൂളിൽ 330500201 Secured Loan From Co-operative Banks എന്ന ഹെഡ്ഡിൽ 379925 രൂപ നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ അപാകം 2022-23ൽ പരിഹരിച്ചു.

7) 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ.4-5 ൽ പരാമർശിച്ച വായ്പ തുക സംബന്ധിച്ചുള്ള വാർഷിക ധനകാര്യ പത്രികയിലെ അപാകം ഇപ്പോഴും തുടരുകയാണ്. ലോൺ തിരിച്ചടവ് ഇനത്തിൽ തെറ്റായി അധിക തുക ജേണൽ ചെയ്തതിനാൽ 686414 രൂപയുടെ വ്യത്യാസമുണ്ട്. വിശദാംശങ്ങൾ ഖ.4-5 ൽ പരാമർശിച്ചിട്ടുണ്ട്.

8) ലോൺ രജിസ്റ്റർ അപൂർണ്ണമാണ്. തിരിച്ചടവ് വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

9) ആസ്തി രജിസ്റ്റർ ഏതു കാലയളവ് വരെ കാലികമാക്കിയിട്ടുണ്ട് എന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

10) തൊഴിൽ നികുതി (ട്രേഡ്സ്) ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

11) കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വരവ് ചെലവുകളുടെ വിശദാംശങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ എ.സി.ആർ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.

12) അഡ്വാൻസ് രജിസ്റ്റർ പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണ ചെലവ് അഡ്വാൻസ്ഇനത്തിൽ റീക്കൂപ് ചെയ്യാൻ അവശേഷിക്കുന്നത് ₹ 1071192 ആണ്. എന്നാൽ ബി18 ഷെഡ്യൂൾ പ്രകാരമുള്ള തുക ₹ 1016559 ആണ്.

13) അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണമാണ്.എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്വാൻസ് വിവരങ്ങൾ മാത്രമേ ചേർത്തിട്ടുള്ളൂ. ബി18 ഷെഡ്യൂളിലെ മുഴുവൻ അഡ്വാൻസുകളുടെയും വിവരങ്ങൾ ചേർത്ത് രജിസ്റ്റർ പരിഷ്കരിക്കേണ്ടതാണ്.

14) ബി9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ മറുപടിയിൽ പഞ്ചായത്ത് താഴെ ചേർക്കും പ്രകാരം മറുപടി നൽകിയിരുന്നു.

| ക്രമ നമ്പർ | ഹെഡ് | തുക | പഞ്ചായത്തിന്റെ വിശദീകരണം |
|---|---|---|---|
| 2 | 350410999 Advance Collection Of Revenues-Other Revenue | ₹ 960 | 2013-14ൽ അധികമായി വരവ് വച്ച തുകയാണ്. ക്രമീകരിക്കുന്നതിനുള്ള നടപടികൾസ്വീകരിക്കുന്നതാണ്. |
| 3 | 350800101 Laibility In Respect Of Stale Cheques | ₹ 15862 | മുൻ വർഷങ്ങളിലെ Uncashed Cheque തുകയാണ്. ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. |
| 4 | 350800119 Laibility For Programme/ Scheme Expenditure | ₹ 132620 | അംഗനവാടികൾക്ക് ടി.വി വാങ്ങുന്നതിനായി ലഭിച്ച തുകയാണ്. ചെലവഴിച്ചിട്ടും ബാധ്യത ക്രമീകരിക്കാൻ വിട്ടു പോയി. |

അപാകം പരിഹരിച്ചതിന് ശേഷം ചെലവ് , ക്രമീകരണം എന്നത് സംബന്ധിച്ചുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

15) ബി9 ഷെഡ്യൂളിലെ താഴെ ചേർക്കുന്ന ബാധ്യതാ തുകകൾ സംബന്ധിച്ച് വിശദാംശമോ മറുപടിയോ പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഹെഡ് | തുക |
|---|---|---|
| 1 | 350800199 Other Creditors | ₹ 10154 |
| 2 | 350800299 Other Laibilities | ₹ 82130 |

16) കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

17) റോഡ് വികസനത്തിന് തടസമായ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിയിൽ തുക ഡിപ്പോസിറ്റ് ചെയ്യൽ എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നമ്പർ-306) നിർവഹണത്തിന്റെ ഭാഗമായി ₹10000 കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമല്ലാതെ ₹42088 ഉടർന്നും തനത് ഫണ്ടിൽ നിന്നും നിക്ഷേപിച്ചിരുന്നു. എന്നാൽ പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം 2022-23ലാണ് (02-06-2022) ലഭിച്ചത്. എന്നാൽ 2021-22 വർഷത്തെ ബി 18 ഷെഡ്യൂളിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 23517107 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 117310200 |
| ആകെ | 140827307 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 105420894 |
| നീക്കിയിരിപ്പ് | 35406413 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 96239 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല. |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 22245000 | 22245000 | 21595180 | 649820 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 2605000 | 2605000 | 2174855 | 430145 |
| വികസന ഫണ്ട് (ടി.എസ്.പി.) | - | 672494 | 672494 | 637843 | 34651 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 39368000 | 39368000 | 26692411 | 12675589 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 7684922 | 7684922 | 3830372 | 3854550 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | - | 5736659+ 96096 (പലിശ)= 5832755 | 5832755 | 1368018 | 4464737 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | - | 12569695 | 12569695 | 3457831 | 9111864 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1000 | 27001211 | 27002211 | 26925635 | 76576 |
| ഐ.സി.ഡി.എസ് | 425393 | 1419288 | 1844681 | 1500000 | 344681 |
| എസ്.എസ്.എ | 32822 | 956 | 33778 | 0 | 33778 |
| ടി.എസ്.സി. ഒ.ഡി.എഫ് | 591793 | - | 591793 | 0 | 591793 |
| ടി.എസ്.സി | 1327028 | 312000 | 1639028 | 1444209 | 194819 |
| അഗതി രഹിത കേരളം ചലഞ്ച് ഫണ്ട് മുതലായവ | 1325744 | 9000 | 1334744 | 0 | 1334744 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് മിഷൻ അവാർഡ് | 7393 | 0 | 7393 | 0 | 7393 |
| സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട് മെന്റ് | 44000 | 0 | 44000 | 0 | 44000 |
| ആയുർവേദ വകുപ്പ് | 11772 | 0 | 11772 | 0 | 11772 |
| വിമുക്തി , ഗ്രീഷ്മോത്സവം മുതലായവ | 53490 | 0 | 53490 | 0 | 53490 |
| ശുചിത്വ മിഷൻ ഗ്രാന്റ് സോളിഡ് വേസ്റ്റ് മാനേജ് മെന്റ് | 12697 | 0 | 12697 | 0 | 12697 |
| ആശ്രയ | 258480 | 0 | 258480 | 0 | 258480 |

കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വരവ് ചെലവുകൾ സംബന്ധിച്ച് വ്യക്തമായ എ.സി.ആർ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | പൂർത്തീ കരിച്ചത് | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 247 | 151908735 | 165 | 81412413 | 12 | 153 | 82 | 62 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 6 | 6034820 | 4823775 | 79.93 |
| വെറ്റിനറി സർജൻ | 8 | 6 | 7360000 | 2626298 | 35.68 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 10 | 9 | 4133364 | 3318668 | 80.29 |
| മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 3 | 2 | 616100 | 546896 | 88.77 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 2885650 | 221079 | 7.66 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 32 | 28 | 38189797 | 14621651 | 38.29 |
| ഐസിഡിഎസ് സൂപ്പർവൈസർ | 13 | 10 | 9273900 | 8767112 | 94.54 |
| സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | 22 | 8 | 7158637 | 2479066 | 34.63 |
| ഹെഡ് മാസ്റ്റർ,ഗവ.എൽ പി | 5 | 5 | 1643260 | 1595344 | 97.08 |

| | | | | | |
|---|---|---|---|---|---|
| സ്കൂൾ | | | | | |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 134 | 84 | 71756319 | 40481560 | 56.42 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1300000 | 1000000 | 76.92 |
| അസിസ്റ്റന്റ് സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | 10 | 5 | 1556888 | 930964 | 59.80 |
| ആകെ | 247 | 165 | 151908735 | 81412413 | 53.59 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1000 | 824759 | 825759 | 749183 | 76576 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 26176452 | 26176452 | 26176452 | - |
| ആകെ | 1000 | 27001211 | 27002211 | 26925635 | 76576 |

## 1-7 സാമൂഹ്യ ക്ഷേമ പെൻഷനുകൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 7109000 | 389 |
| വിധവാപെൻഷൻ | 21303600 | 791 |
| വാർദ്ധക്യകാല പെൻഷൻ | 39284000 | 1599 |
| ഭിന്നശേഷിക്കാരുടെ പെൻഷൻ | 5569200 | 192 |
| അവിവാഹിത പെൻഷൻ | 611200 | 39 |
| വിവാഹ ധനസഹായം | 360000 | 192 |
| തൊഴിലില്ലായ്മ വേതനം | 63480 | 52 |

## 1-7-1 സർവ്വീസ് പെൻഷൻ /ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തിരിച്ചടക്കേണ്ടതാണ്.

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ /ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 7.6.2022 ലെ 5449/എസ് എഫ് സി ബി2/2019/ധന നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിൽ അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ അനർഹമായിസാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റിയതായി കാണുന്നു.

| ഗുണഭോകതാവിന്റെ പേര് | പെൻഷൻ ഐഡി നമ്പർ | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|

| | | |
|---|---|---|
| ഇ കെ രമണി | 111170201229 | 55600 |
| യശോദ വി | 111170201417 | 49600 |
| നാരായണി | 111170400241 | 51200 |
| ഫിലോമിന | 111170601083 | 54400 |
| ദേവി എ കെ | 111170601197 | 50400 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തി(നം.18/26-01-2023 )ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞവരിൽ നിന്നും എത്രയും വേഗം തുക തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് (നമ്പർ 00110101023000269) ഒടുക്കേണ്ടതുമാണ്. ഇത് സംബന്ധിച്ചുള്ള തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-7-2 അമ്പത് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ - ഫെബ്രുവരി മാസത്തെ പെൻഷൻ വിതരണം

അമ്പതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ വിതരണംസേവന പെൻഷൻ വിതരണ വിവരങ്ങൾ പരിശോധിച്ചപ്പോൾ , 2022 ഫിബ്രവരി മാസം ബാങ്ക് അക്കൗണ്ടു വഴി പെൻഷൻ കൈപ്പറ്റുന്ന താഴെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷൻ വിതരണം സംബന്ധിച്ച രേഖപ്പെടുത്തലുകൾക്കു നേരെ യു ടി ആർ നമ്പറോ സ്റ്റാറ്റസോ ചേർത്തിട്ടില്ല എന്ന് കാണുകയുണ്ടായി. തുക ബാങ്കിനു കൈമാറി എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിനു മുമ്പും ശേഷവുമുള്ള മാസങ്ങളിൽ തുക അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും സ്റ്റാറ്റസ് -സക്സസ് എന്ന് രേഖപ്പെടുത്തി യു ടി ആർ നമ്പർ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് തുക ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതും വിശദാംശങ്ങൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്. ഉദാ.ചുവടെ കൊടുക്കുന്നു.

| ഗുണഭോകതാവിന്റെ പേര് | പെൻ ഐഡി |
|---|---|
| അമ്മാളു മാലോട്ടു വീട്ടിൽ | 111170500017 |
| ലക്ഷ്മി പറയങ്ങാട് | 111170500006 |
| ജാനു മുണ്ടയ്ക്കത്തറമ്മൽ | 111170500009 |
| കല്ല്യാണി ടി | 111170500013 |
| യശോദ പടവിൽ | 111170500014 |
| മീനാക്ഷി തച്ചുത്തുവളപ്പിൽ | 111170500016 |
| കത്രീനഫ്രാൻസിസ് | 111170500028 |
| പ്രസന്ന എം | 111170500029 |

| | |
|---|---|
| സുമതി.കെ.വി | 111170500031 |
| റോസമ്മമാത്യു | 111170500032 |

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 20/27-01-2023 ന് മറുപടിയായി ഗുണഭോക്താക്കളുടെ അക്കൌണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് വിവരം അറിയിക്കുന്നതാണ് എന്നാണ് അറിയിച്ചത്.ബാങ്കുകളുമായി ബന്ധപ്പെട്ട് നിജസ്ഥിതി പരിശോധിച്ച് അനുബന്ധ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-01-2023തീയ്യതിയിൽ 3 Pm സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8600/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാത്ത നിർമ്മാണവും വിപുലീകരണവും ക്രമവൽക്കരണം നടത്തി നികുതി ഈടാക്കുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃതനിർമ്മാണപ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല .കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല.

വാർഡ് തലത്തിലുള്ള അംഗീകൃത ട്രേഡേർസ് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ലൈസൻസില്ലാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. വാർഡ് തലത്തിലുള്ള അംഗീകൃത ട്രേഡേർസ് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഇതു സംബന്ധിച്ച് കൃത്യമായ കണക്കുകൾ രൂപപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുന്നില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം കൃത്യമായും ഫലപ്രദമായും മോണിറ്റർ ചെയ്യുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്കും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് തന്നെയും സാധിക്കാതെ വന്നിട്ടുണ്ട്.ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കണട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഫയലിൽ ഉൾപ്പെടുത്തിയ മോണിറ്ററിംഗ് റിപ്പോർട്ടുകൾ തന്നെ അപൂർണ്ണവുമാണ്.മോണിറ്ററിംഗ് സംബന്ധിച്ച വിശദാംശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

ഇ) റവന്യൂ വരവിനെക്കാൾ റവന്യൂ ചെലവ് കൂടി വരുന്ന സാഹചര്യവും നിലവിലെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രതിമാസ റവന്യൂ വരവ്-ചെലവ് പരിശോധന നടത്തേണ്ടതും സാമ്പത്തികസ്ഥിതി അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എഫ് )തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജി)ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് തലത്തിൽതയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ ( നവംബർ 2022) റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2022 മാർച്ച് മാസം മുതലുള്ള 12 ആക്ഷൻ പോയിന്റുകളിൽ നടപടി സ്വീകരിച്ച് തീർപ്പാക്കുവാൻ ബാക്കിയുണ്ട്.അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ 8 തടസ്സങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്.

## 1-11 വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി.

ശ്രീ.മലിക്കന്റകത്ത് അബ്ദുൾ ഹാജി എന്നവരുടെ 448.91 ച.മീ.ഉള്ള റെസിഡൻഷ്യൽ കം കൊമേഴ്സ്യൽ ബിൽഡിംഗ് എ3/2997/2020 തി:12.10.2020 നം ഉത്തരവ് പ്രകാരം റെഗുലറൈസ് ചെയ്ത് നമ്പർ നൽകിയിട്ടുണ്ട്.അപേക്ഷയോടൊപ്പം സമർപ്പിച്ച ബിൽഡിംഗ് പ്ലാൻ പ്രകാരം 151.95 ച.മീ. ഡോർമെറ്ററി എന്ന ഉപയോഗക്രമത്തിലും 296.96 ച.മീ.കൊമേഴ്സ്യൽ എന്ന ഉപയോഗക്രമത്തിലുമാണ്.കൊമേഴ്സ്യൽ എന്ന ഉപയോഗക്രമത്തിന് ച.മീറ്ററിന് 70 രൂപ(200 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്,ഷോപ്പിംഗ് മാൾ എന്നിവ) നിരക്കിലും ഡോർമെറ്ററി ലോഡ്ജ് എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 20 രൂപ നിരക്കിലും ആണ് വസ്തുനികുതി കണക്കാക്കിയിരിക്കുന്നത്.എന്നാൽ ബിൽഡിംഗ് നമ്പറുനുള്ള അപേക്ഷയോടൊപ്പം ലഭ്യമാക്കിയ രേഖകൾ പ്രകാരം ഫസ്റ്റ് ഫ്ലോർ ഏരിയ ആയ 14.78 ച.മീറ്റർ, കൊമേഴ്സ്യൽ ഏരിയ ആണ്.എന്നാൽ ആയതിന് ലോഡ്ജ് എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ₹20/ച.മീ. നിരക്കിലാണ് വസ്തു നികുതി ഈടാക്കിയിരിക്കുന്നത്.മേൽ അപാകം ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക്(6/21.1.23) 14.78 ച.മീറ്റർ വിസ്തീർണ്ണം കൊമേഴ്സ്യൽ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ടാക്സ് റിവൈസ് ചെയ്ത് ഉടമസ്ഥനിൽ നിന്നും പരിഷ്കരിച്ച നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.നികുതി പരിഷ്കരിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി അപാതകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.എന്നാൽ ഗ്രാമ പഞ്ചായത്തിലെ 2021-22 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും,റിട്ടേൺസും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല വിശദ വിവരം ചുവടെ.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|
| കൂവേരി വില്ലേജ് വനിത സഹകരണ സംഘം | 5 |

| | |
|---|---|
| കരിങ്കയം എൽ പി സ്കൂൾ | 5 |
| വി ഇ ഒ ഓഫീസ് | 2 |
| ഗവ. വെറ്റിനറി ഡിസ്പെൻസറി പെരുമ്പടവ് | 6 |
| മീമ്പറ്റി ക്ഷീരോൽപ്പാദക സംഘം | 4 |
| BSNL ചപ്പാരപ്പടവ് | 1 |
| ചപ്പാരപ്പടവ് വുഡ് ഇൻഡസ്ട്രി | 5 |
| സോൾവ് പ്ലാസ്റ്റിക്ക് പ്രൊഡക്ട്സ് | 6 |
| വെൽ കെയർ ഓട്ടോ മൊബൈൽസ് | 8 |
| യൂണിറ്റി ടൈൽസ് & സാനിറ്ററി | 1 |
| മെഡിക്കൽ സെന്റർ (പെരുമ്പടവ്) | 3 |
| സ്വീഡിനോക്സ് മാനുഫാക്ച്ചേർസ് | 8 |
| GBN അസോസിയേറ്റ്സ് | 16 |

2) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷം,രണ്ടാം അർദ്ധവർഷ തൊഴിൽ ഈടാക്കിയിട്ടില്ല.

1) വേരാനിക്കൽ ഫ്യൂവൽസ്

2) അൽ അമാൻ വുഡ് ഇൻഡ്രസ്ട്രീസ്

3) ലിനോജ് അഗ്രോ ഇൻഡ്രസ്ട്രീസ്

4)തടിക്കടവ് ക്ഷീരോൽപ്പാദക സഹകരണ സംഘം

5)റബ്ബർ ബോർഡ് സർവ്വേ ഇൻസ്പെക്ടർ

3)ഗ്രാമപഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ(23/27-01-2023 )ത്തിന് ലഭ്യമാക്കിയ മറുപടിയിൽ പരിശോധിച്ച് വിവരം അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ലെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികൾ സംബന്ധിച്ച വിവരം അറിയിക്കേണ്ടതുമാണ്.

## 1-13 തേക്ക് മരം ലേലം -ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല.

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിലെ അമ്മംകുളം വാർഡിലെ ചുണ്ടക്കുന്ന് അങ്കണവാടിക്ക് ഭീഷണിയായി നിന്നിരുന്ന തേക്ക് മരം വെട്ടി പഞ്ചായത്ത് ഓഫീസിന്റെ പരിസരത്ത് എത്തിച്ച വകയിൽ കൂലിയിനത്തിൽ തനത് ഫണ്ടിൽ നിന്നും ₹8000 ചെലവ് ചെയ്തിട്ടുണ്ട്. (വൗച്ചർ നം.22100238/14.7.21 ). മേൽ തടി ലേലം ചെയ്തതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക്(7/21.1.23)മറുപടി ലഭ്യമാക്കിയിട്ടില്ല. തേക്ക് മരം ലേലം ചെയ്തോ എന്ന് വ്യക്തമല്ല. പഞ്ചായത്ത് പരിസരത്ത് എത്തിച്ച മേൽ തേക്ക് തടിയുടെ കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് വ്യക്തത വരുത്തി റിപ്പോർട്ടു നൽകേണ്ടതാണ്.

## 1-14 ബസ് സ്റ്റാന്റുകളിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള ചപ്പാരപ്പടവ് ബസ് സ്റ്റാന്റ് , പെരുമ്പടവ് ബസ് സ്റ്റാന്റ് , ഒടുവള്ളിത്തട്ട് ബസ് സ്റ്റാന്റുകളിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം 2021-22 വർഷം ലേലം ചെയ്തിട്ടില്ല.ആയത് ലേലം ചെയ്ത് നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണ(4/21-01-2023) ത്തിന് ചപ്പാരപ്പടവ് ബസ് സ്റ്റാന്റിന് ആർ ടി ഒ യുടെ അനുമതി ലഭിക്കാത്തതിനാലും,പെരുമ്പടവ് ബസ് സ്റ്റാന്റിന്റെ പ്രവർത്തനം തുടങ്ങാത്തതിനാലും ,ഒടുവള്ളിത്തട്ട് ബസ് സ്റ്റാന്റ് കോവിഡ് 19 കാരണം ബസ്സുകൾ കയറാത്തതിനാലുമാണ് 2021-22 വർഷം ലേലം നടത്താതിരുന്നത് എന്നും 2022-23 വർഷം ലേലം നടത്തുന്നതിന് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ഹാജരാക്കിയത്.മേൽ പറഞ്ഞ ബസ് സ്റ്റാന്റുകൾ ലേലം ചെയ്യുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## 1-15 ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചതിലെ കുറവ്. ₹ 424991

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു.ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്. അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2021-2022 വരെയുള്ള കാലയളവിൽ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ 424991/-രൂപ ലഭിക്കുവാൻ ബാക്കിയുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനയിനമായ ടെണ്ടർ ഫീസിനത്തിൽ ലഭിക്കുവാൻ ബാക്കിയുള്ള തുകയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2019-20 | 34407 |
| 2020-21 | 70610 |
| 2021-22 | 319974 |
| ആകെ | 424991 |

ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുവാൻ ബാക്കിയുള്ള 424991/-രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ലഭിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി ഇ പേയ്മെന്റ് തുകകൾ പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു -പലിശയിനത്തിൽ വരുമാനനഷ്ടമുണ്ടാകുന്നു.

ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ആലക്കോട് ശാഖയിൽ ഉള്ള ഇ പേയ്മെന്റ് അക്കൗണ്ടിൽ നിന്ന് ബാലൻസ് തുകകൾ സേവിങ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതായി കാണുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ അക്കൗണ്ടിലെ 31 -03-2021ലെ നീക്കിയിരിപ്പ് ₹ 903108ആയിരുന്നു. 31-03-2022ലെ നീക്കിയിരിപ്പ് ₹1652192 ആണ്. 26-01-2023ലെ ആർ.പി.40(ബി)പ്രകാരമുള്ള നീക്കിയിരിപ്പ് ₹1517594 ആണ്. മേൽ സൂചിപ്പിച്ചു പ്രകാരം വലിയ തുകകൾ സേവിങ്സ് അക്കൗണ്ടിലേക്ക് മാറ്റാതെ കറന്റ് അക്കൗണ്ടിൽ തന്നെ നില നിർത്തുന്നതു മൂലം ഗ്രാമ പഞ്ചായത്തിന് പലിശ ഇനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-22/27-01-2023)

## 1-17 ലാപ്സ്ഡ് ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല.

മൂന്നു വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ ലാപ്സ്ഡ് ഡെപ്പോസിറ്റുകളായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിൽ വിവിധ ഇനങ്ങളിലായി 2016-17 മുതലുള്ള നിക്ഷേപങ്ങൾ കാരി ഓവർ ചെയ്തു വരുന്നുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 പേറിവിഷൻ അരിയർ,ടെർമിനൽ സറണ്ടർ കുടിശ്ശിക-₹67739 അധികം അനുവദിച്ചു.

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിൽനിന്നും 31.08.19 ന് വിരമിച്ച ശ്രീ.ലക്ഷ്മണൻ വി,ക്ലർക്ക് എന്നവരുടെ ജി.ഒ(പി)25/21 /ഫിൻ തി:8.2.21,ജി.ഓ(പി.)നം.27/21/ഫിൻ തി:10.2.21 എന്നീ ഉത്തരവുകൾ പ്രകാരമുള്ള ഡി.എ കുടിശ്ശിക,പേ റിവിഷൻ കുടിശ്ശിക, 171 ദിവസത്തെ ടെർമിനൽ സറണ്ടർ കുടിശ്ശിക എന്നീ ഇനങ്ങളിലായി ₹131881 തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട് (വൗച്ചർ നം.22100271/3.8.21, ചെക്ക് നം.2854/29.7.21). തുക കണക്കാക്കിയതിൽ താഴെപ്പറയും പ്രകാരം അധികം വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1.ഡി.എ അരിയർ (01-01-2019 മുതൽ 31-08-2019 വരെ, 01-01-2019ന് 23%,01-07-2019ന് 28% നിരക്കിൽ) *

| അർഹമായ തുക * | | അനുവദിച്ച ഡി.എ | | കുടിശ്ശികയായി അനുവദിക്കേണ്ട തുക | കുടിശ്ശികയായി അനുവദിച്ച തുക | അധികം അനുവദിച്ചത് |
|---|---|---|---|---|---|---|
| Basic | DA | Basic | DA | 13182 | 13182 | 0 |
| 320400 | 77262 | 320400 | 64080 | | | |

* (8 മാസത്തെ ശമ്പളം + 1 മാസത്തെ ആർജ്ജിതാവധി ശമ്പളം ഉൾപ്പെടെയുള്ള ആകെ തുകയുടെ അടിസ്ഥാനത്തിൽ)

2.പേറിവിഷൻ അരിയർ

| പേറിവിഷന ശേഷം നൽകേണ്ട ശമ്പളം | | | | | പേറിവിഷന മുൻപ് അനുവദിച്ച ശമ്പളം | | | | നൽകേണ്ട തുക | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|---|---|---|---|---|---|---|
| | അടിസ്ഥാന ശമ്പളം | ഡി.എ | HRA | ആകെ | അടിസ്ഥാന ശമ്പളം | ഡി.എ | HRA | ആകെ | | | |
| 7/2019 | 50200 | 0 | 1250 | 51450 | 35700 | 9996 | 1250 | 46946 | 4504 | 14500 | 9996 |
| 8/2019 | 50200 | 0 | 1250 | 51450 | 35700 | 9996 | 1250 | 46946 | 4504 | 14500 | 9996 |
| ആകെ | | | | | | | | | | | 19992 |

3.ടെർമിനൽ സറണ്ടർ കുടിശ്ശിക

| അർഹമായ തുക (171 ദിവസം) | 2020-21 ൽ ടെർമിനൽ സറണ്ടർ ആയി അനുവദിച്ച തുക | കുടിശ്ശികയായി അനുവദിക്കേണ്ട തുക | കുടിശ്ശികയായി അനുവദിച്ച തുക | അധികം അനുവദിച്ചത് |
|---|---|---|---|---|

| Basic 50200 | DA(0%) | HRA @1250 | ആകെ | Basic 35700 | DA(20%) | HRA @1250 | ആകെ | 41952 | 89699 | 47747 |
|---|---|---|---|---|---|---|---|---|---|---|
| 286140 | 0 | 7125 | 293265 | 203490 | 40698 | 7125 | 251313 | | | |

അധികമായി അനുവദിച്ച് ₹67739 (131881-64142) ഓഡിറ്റിൽ നിരാകരിക്കുന്നു.₹67739 അധികം നൽകാനുള്ള കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(2/20.1.23)തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-19 ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലുൾപ്പെടുന്ന ജീവനക്കാർ ഒഴികെയുള്ള ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചത് ക്രമപ്രകാരമല്ല.

വൗച്ചർ നം.52100144/1.6.21(ചെക്ക് നം.5835699/1.6.21)

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലുൾപ്പെടുന്ന ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തി സർക്കാരിൽ നിന്നും പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലുൾപ്പെടുന്ന ജീവനക്കാർ ഒഴികെയുള്ള സ്ഥിര ജീവനക്കാർക്ക് ആകെ ₹4,28,120/- രൂപ ഇപ്രകാരം ലീവ് സറണ്ടർ ആയി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം വിവരിച്ചിട്ടുണ്ട്.ഇതു പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പിന്നീട് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 31-12-2022 തീയതി വരെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലുൾപ്പെടുന്ന ജീവനക്കാർ ഒഴികെയുള്ള ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. നിലവിൽ ആർജിതാവധി സറണ്ടർ അനുവദിച്ചവരുടെ കാര്യത്തിൽ സർക്കാരിന്റെ തുടർ ഉത്തരവുകൾ പാലിച്ച് നടപടികൾ എടുക്കേണ്ടതാണ്.

## 1-20 ഐ.കെ.എം. വിഹിതം-വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് |
| പ്രോജക്റ്റ് നമ്പർ | S0010/22 |
| പ്രോജക്റ്റിന്റെ പേര് | ഐ.കെ.എം. വിഹിതം |
| അടങ്കൽ | ₹ 100000(വികസന ഫണ്ട്- സാധാരണ വിഹിതം ) |
| ചെലവഴിച്ച തുക | ₹ 89335 |
